# NULM(National Urban LIVELIWOOD MISSION)

ആമുഖം

നഗരപ്രദേശങ്ങളിലെ ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യ ലഘൂകരണത്തിനും കേന്ദ്ര പാർപ്പിട നഗര ദാരിദ്ര്യ നിർമ്മാർജ്ജന മന്ത്രാലയം നടപ്പിലാക്കുന്ന പദ്ധതിയാണിത്. കേരളത്തില് ഈ പദ്ധതി നടപ്പിലാക്കുന്നത് കുടുംബശ്രീ മിഷനാണ്. 2015 മെയ് മാസത്തിൽ ആദ്യഘട്ടമെന്ന നിലയിൽ കേരളത്തിലെ 14 നഗരങ്ങളിലും തുടർന്ന് 2016 നവംബർ 1 മുതൽ മുഴുവൻ നഗരപ്രദേശങ്ങളിലും പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. നഗരദാരിദ്ര്യത്തിന്റെ 3 മാനങ്ങൾ– അടിസ്ഥാന സൗകര്യം, സാമൂഹികമായ ദുർബലതകൾ, തൊഴിൽപരമായ ദുർബലതകൾ എന്നിവ പരിഹരിക്കുന്നതിന് ഉതകുന്ന ഘടകങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിക്ക് പ്രധാനമായും 7 ഘടകങ്ങളാണുള്ളത്.

1. സാമൂഹ്യ സംഘാടനവും സ്ഥാപനങ്ങൾ വികസിപ്പിക്കലും

നഗര പ്രദേശങ്ങളിലെ ദരിദ്രരെ അവരുടേതായ കൂട്ടായ്മകൾ രൂപീകരിച്ച് ശക്തരാക്കുവാൻ പ്രാപ്തമാക്കുക എന്നതാണ് പ്രധാനമായും ഈ ഘടകം ലക്ഷ്യമിടുന്നത്

2. കാര്യശേഷി വികസനവും പരിശീലനവും

സംസ്ഥാനത്തെയും നഗരങ്ങളിലേയും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ സംവിധാനങ്ങളുടെ കാര്യശേഷി വികസനമാണ് ഈ ഘടകത്തിൽ വിഭാവനം ചെയ്യുന്നത്.

3. നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങൾ ഉറപ്പിക്കലും

സ്വയം തൊഴിൽ ചെയ്യുവാനും ശമ്പളാടിസ്ഥാനത്തിൽ ജോലി ലഭിക്കുന്നതിനുമുള്ള സാധ്യത കൾ മെച്ചപ്പെടുത്തുന്നതിനുമായി നഗരങ്ങളിലെ പാവപ്പെട്ടവരുടെ തൊഴിൽ വൈദഗ്ദ്ധ്യം ഉയർത്തുന്നതിനാണ് ഈ ഘടകം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

4. സ്വയംതൊഴിൽ പദ്ധതി

നഗരങ്ങളിലെ ദരിദ്രർക്ക് അവരുടെ നൈപുണ്യത്തിനും ലഭിച്ചിരിക്കുന്ന പരിശീലനത്തിനും വാസനയ്ക്കും പ്രാദേശിക പരിസ്ഥിതിക്കും അനുയോജ്യമായ വിധത്തിൽ ഒറ്റയ്ക്കും കൂട്ടായും ഉള്ള സ്വയംതൊഴിൽ സംരംഭങ്ങളും സൂക്ഷ്മ സംരംഭങ്ങളും സ്ഥാപിക്കുന്നതിന് ചെറിയ പലിശ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾക്കാണ് ഈ ഘടകം ഊന്നൽനൽകുന്നത്.

5. നഗരങ്ങളിലെ തെരുവ് കച്ചവടക്കാർക്കുള്ള സഹായ പദ്ധതികൾ

തെരുവ് കച്ചവടക്കാരുടെ തൊഴിൽ വൈദ്ഗദ്ധ്യം മെച്ചപ്പെടുത്താൻ, അവർക്കുവേണ്ടിയുള്ള സൂക്ഷ്മസംരംഭങ്ങളുടെ വികസനം, തെരുവ് വ്യാപാരത്തിനനുകൂലമായ നഗരാസൂത്രണംഎന്നിവ സാധ്യമാക്കുന്നതിനോടൊപ്പം ഇവർക്കിടയിലെ ദുർബല വിഭാഗങ്ങളായ സ്ത്രീകൾ, പട്ടിക ജാതിക്കാർ, പട്ടിക വർഗ്ഗക്കാർ, ന്യൂനപക്ഷം എന്നീ വിഭാഗങ്ങൾക്ക് സാമൂഹ്യ സുരക്ഷ, സംവിധാനങ്ങൾക്കുള്ള സഹായങ്ങൾ നൽകാൻ ഈ ഘടകം ലക്ഷ്യമിടുന്നു.

6. നഗരങ്ങളിൽ ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതി

ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം നഗരജന സമൂഹത്തിലെ പാവപ്പെട്ടവരിൽ പാവപ്പെട്ടവർക്ക് പാർപ്പിടങ്ങളും മറ്റ് ആവശ്യ സേവനങ്ങളും ലഭ്യമാക്കുകയെന്നതാണ്.

7. നൂതന ആശയ–സവിശേഷ പദ്ധതികൾ:

നൂതന ആശയങ്ങളോടു കൂടിയ പുത്തൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാണ് ഈ ഘടകം ശ്രദ്ധ വയ്ക്കുന്നത്. ഇതിൽ പൂർണമായും കേന്ദ്ര ധനസഹായം ലഭ്യമാണ്. മറ്റു ഘടകങ്ങൾക്ക് 60:40 എന്ന അനുപാതത്തിലാണ് സാമ്പത്തിക സഹായം ലഭ്യമാകുന്നത്